HLM-0073

The Heavenly Light Ministry

എന്നോടുള്ള നിൻ സർവ്വനന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ ! ഇപ്പോൾ
നന്ദികൊണ്ടെന്റെയുള്ളം നന്നെ നിറയുന്ന
സന്നാഹമോടെ സ്തുതി പാടിടുന്നേൻ ദേവാ
പാപത്തിൽനിന്നു എന്നെ കോരിയെടുപ്പാനായ്
ശാപശിക്ഷകളേററ ദേവാത്മജാ മഹാ
എന്നെ അൻപോടു ദിനംതോറും നടത്തുന്ന
പൊന്നിടയനനന്തം വന്ദനമേ ദേവാ
അന്ത്യംവരെയും എന്നെ കാവൽ ചെയ്തീടുവാൻ
അന്തികെയുള്ള മഹൽ ശക്തി നീയേ നാഥാ
താതൻ സന്നിധിയിലെൻ പേർക്കു സദാ പക്ഷ
വാദം ചെയ്യുന്ന മമ ജീവനാഥാ പക്ഷ
കുററം കൂടാതെ എന്നെ തേജസ്സിൻ മുമ്പാകെ
മുററും നിറുത്താൻ കഴിവുള്ളവനെ എന്നെ
മന്നിടത്തിലടിയാൻ ജീവിക്കും നാളെല്ലാം
വന്ദനം ചെയ്യും തിരുനാമത്തിന്നു ദേവാ